# സുന്നത്തു നോമ്പുകള്‍

[ Malayalam - മലയാളം - مليالم ]

# صيام التطوع


സി.പി. സ്വലാഹുദ്ദീന്‍ സ്വലാഹി

صلاح الدين صلاحي



Web edition by:

islamhouse.com

1432 - 2011

بسم الله الرحمن الرحيم

ഇസ്‌ലാമിൽ വ്രതത്തിന് അതീവ പ്രാധാന്യമാണുള്ളത്. മനുഷ്യാത്മാവിന് യാതൊരു വിധ പോറലുകളും ഏൽക്കാതിരിക്കാൻ വ്രതത്തിലൂടെ കഴിയുന്നു. ഭൗതികമായി ഒട്ടനവധി നേട്ടങ്ങൾ വ്രതം കൊണ്ടുണ്ടെങ്കിലും പരലോകത്ത് അതൊരു രക്ഷാകവചമായി തീരുമെന്ന് അറിയുന്ന സത്യവിശ്വാസിക്ക് അതൊരു സന്തോഷ വാർത്ത തന്നെയാണ്. വിശ്വാസികൾ നിർബന്ധമായി അനുഷ്ഠിക്കേണ്ട നോമ്പുകൾക്ക് പുറമെ സുന്നത്തായ ചില നോമ്പുകളുമുണ്ട്. പ്രവാചകൻ(ﷺ) പഠിപ്പിച്ച സുന്നത്തു നോമ്പനുഷ്ഠിക്കാനുദ്ദേശിക്കുന്നവർക്ക് അവ ചുരുക്കത്തിൽ:

**(1) <u>മാസത്തിൽ 3 ദിവസത്തെ നോമ്പ് (അയ്യാമുൽ ബീള്):</u>**

അബൂദർറുൽ ഗിഫാരി(رضي الله عنه) പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ(ﷺ) മാസത്തിലെ വെളുത്ത രാവുകളായ ദിവസങ്ങളിൽ നോമ്പ് നോൽക്കാൻ കൽപ്പിച്ചിരുന്നു' (തിർമുദി). (അയ്യാമുൽ ബീള്: മാസത്തിലെ 13, 14, 15 തിയ്യതികൾ)

**(2) തിങ്കൾ, വ്യാഴം ദിവസങ്ങളിൽ:**

ആയിശ(رضي الله عنها) പറയുന്നു: 'നബി(ﷺ) തിങ്കൾ, വ്യാഴം ദിവസങ്ങളിൽ നോമ്പെടുക്കുവാൻ ശ്രദ്ധിച്ചിരുന്നു' (നസാഇ).

**(3) ശവ്വാലിലെ 6 നോമ്പ്:**

അബൂ അയ്യൂബുൽ അൻസ്വാരി(رضي الله عنه) പറയുന്നു: നബി(ﷺ) പറഞ്ഞു: 'ഒരാൾ റമദാനിൽ നോമ്പനുഷ്ഠിക്കുകയും ശവ്വാലിലെ നോമ്പ് അതിനോട് തുടർത്തുകയും ചെയ്താൽ അവൻ ഒരു വർഷം മുഴുവൻ നോമ്പനുഷ്ഠിച്ചതിന് തുല്യമാണ്' (മുസ്‌ലിം).

**(4) ആശൂറാഅ്, താസൂആഅ്, (മുഹർറം 9,10):**

ഇബ്നു അബ്ബാസ്(رضي الله عنه) പറയുന്നു: 'നബി(ﷺ) ആശൂറാ നോമ്പനുഷ്ഠിക്കാൻ ശ്രദ്ധിക്കുന്നതു പോലെ മറ്റൊരു ദിവസവും ശ്രദ്ധിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ഈ മാസവും അപ്രകാരം തന്നെയാ

ണ്'– അതായത് റമദാൻ മാസം (പ്രത്യേകം ശ്രദ്ധിച്ചിരുന്നു) (ബുഖാരി, മുസ്‌ലിം).

നബി(ﷺ) പറഞ്ഞു: 'അടുത്ത വർഷം ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ തീർച്ചയായും ഞാൻ 9 നും നോമ്പനുഷ്ഠിക്കും' (മുസ്‌ലിം).

**(5) അറഫ നോമ്പ്:**

അബൂ ഖതാദ(﵁) പറയുന്നു: 'അല്ലാഹുവിന്റെ ദൂത(ﷺ)നോട് അറഫാ ദിനത്തിലെ നോമ്പിനെക്കുറിച്ച് ചോദിക്കപ്പെട്ടു'. അവിടുന്ന് പറഞ്ഞു: 'കഴിഞ്ഞതും വരാനിരിക്കുന്നതുമായ പാപങ്ങൾക്ക് അത് പരിഹാരമായിരിക്കും (മുസ്‌ലിം).

**(6) കൂടുതൽ അനുഷ്ഠിക്കാനുദ്ദേശിക്കുന്നവർക്ക് ഒന്നിടവിട്ട നോമ്പ്**

അബ്ദുല്ലാഹിബ്നു അംറ്(﵁) പറയുന്നു: നബി(ﷺ) പറഞ്ഞു: 'അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട നോമ്പ് ദാവൂദ് നബി(﵇)ന്റെ നോമ്പാണ്. അദ്ദേഹം ഒരു ദിവസം നോമ്പ് നോൽക്കും ഒരു ദിവസം നോമ്പ് വിടും' (ബുഖാരി, മുസ്‌ലിം)

അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ട് ഇത്തരം സൽക്കർമ്മങ്ങൾ സ്ഥിരമായി അനുഷ്ഠിക്കുന്ന സത്യവിശ്വാസികളെക്കുറിച്ച് അല്ലാഹു പറയുന്നു: 'തീർച്ചയായും നമ്മുടെ അടുക്കൽ നിന്ന് മുമ്പേ നന്മ ലഭിച്ചവർ അവർ നരകത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുന്നു. അതിന്റെ നേരിയ ശബ്ദം പോലും അവർ കേൾക്കുകയില്ല. തങ്ങളുടെ മനസ്സിനിണങ്ങിയ സുഖാനുഭവങ്ങളിൽ അവർ നിത്യവാസികളായിരിക്കും' (അമ്പിയാഅ്: 101,102).

അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ, ആമീൻ

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.

*************